# സംശയരോഗവും അന്ധവിശ്വാസവും ദാമ്പത്യ ജീവിതത്തെ തകർക്കുമ്പോൾ

Jul 5, 2020, 03:25 PM IST

A A A

'പീനാറി' എന്ന ഒരു ചെറു സിനിമ ശ്രദ്ധ നേടുന്നു



**കാ**ലടിയിലെ തോട്ടേക്കാട് എന്ന കൊച്ചു ഗ്രാമത്തിൽ നിന്ന് 'പീനാറി' എന്ന ഒരു ചെറു സിനിമ. നാട്ടുകാർ ഒന്നിച്ച് ക്യാമറക്ക് മുന്നിലും പിന്നിലും പ്രവർത്തിച്ച ഈ ചെറു സിനിമയുടെ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത് നാട്ടുകാരനായ വിനോദ് ലീലയാണ്. ബജറ്റ് ലാബ് പ്രൊഡക്ഷന്റെ ബാനറിൽ നിഷാന്ത് പിള്ളൈ ആണ് നിർമാണം. ജൂലൈ 1നു റിലീസ് ചെയ്ത 'പീനാറി' പ്രേക്ഷക ശ്രദ്ധ നേടികൊണ്ടിരിക്കുകയാണ്.

നാട്ടിൻ പുറത്ത് നടക്കുന്ന ഒരു കഥയെ ആസ്പദമാക്കിയുള്ള 'പീനാറി' എന്ന ഈ കൊച്ചു ചിത്രത്തിൽ എഴുപതിലധികം വരുന്ന നാട്ടുകാർ ആദ്യമായി ക്യാമറക്ക് മുന്നിൽ അഭിനയിച്ചിരിക്കുന്നു എന്ന കൗതുകം കൂടിയുണ്ട്. തീയറ്റർ ആർട്ടിസ്റ്റ് ആയ രാംകുമാർ, സിനിമ താരം മിഥുൻ നളിനി, അനിത തങ്കച്ചൻ, എന്നിവർക്കൊപ്പം പുതുമുഖങ്ങളും നാട്ടുകാരുമായ ഗോപിക കൃഷ്ണ, മുകേഷ് വിക്രമൻ, നിഷാദ് കെ ബി, പി ആർ സോമൻ എന്നിവർ പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നു.

പഴയ കാലഘട്ടത്തിൽ നിന്നാരംഭിച്ച് വർത്തമാന കാലഘട്ടത്തിൽ അവസാനിക്കുന്ന ഈ കഥ വ്യത്യസ്തമായ ഒരു ദൃശ്യാനുഭവമാണ് പ്രേക്ഷകർക്ക് സമ്മാനിക്കുന്നത്. മനുഷ്യരുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും പല തരത്തിലുള്ള അരക്ഷിതബോധത്തെയും , അതിനു സമൂഹത്തിൽ നിന്നുള്ള സമ്മർദ്ദങ്ങൾക്കും ചിലപ്പോൾ കൊടുക്കേണ്ടി വരുന്ന വലിയ വിലയെ ഓർമ്മപ്പെടുത്തുന്ന ഒരു ചിത്രമാണിത്.

വളരെ സമാധാനത്തോടെ ജീവിക്കുന്ന ഒരാളുടെ ജീവിതത്തിൽ ഉണ്ടാവുന്ന പ്രശ്നമാണ് ഈ സിനിമ പ്രതിപാദിക്കുന്നത്. നാട്ടിലെ വളരെ മാന്യനും സൽസ്വഭാവിയുമായ അശോകൻ കുറെ നാളത്തെ പെണ്ണു കാണലുകൾക്ക് ശേഷം സിന്ധുവിനെ വിവാഹം ചെയ്യുന്നു. വിവാഹം കഴിഞ്ഞു ആദ്യ നാളുകളിൽ തന്നെ അവരുടെ ദാമ്പത്യം കീഴ്മേൽ മറിയുന്നു. ഇവരുടെ ദാമ്പത്യത്തിലെ അസ്വാരസ്യങ്ങൾ വീട്ടിൽ നിന്നും നാട്ടിലേക്കു പരക്കുന്നു. അത് വലിയ പ്രശ്നങ്ങളിലേക്ക്  വഴിവെക്കുന്നു. സമൂഹത്തിലെ അന്ധവിശ്വാസങ്ങൾ മൂലം താറുമാറാകുന്ന വ്യക്തി ജീവിതങ്ങളെ കുറിച്ചാണ് വിനോദ് ഈ കഥയിൽ പറഞ്ഞു വെക്കുന്നത്.

കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവായ അപ്പു ഭട്ടതിരിയാണ് എഡിറ്റിംഗ്. പ്രശസ്ത ഛായാഗ്രാഹകൻ ജോമോൻ ടി ജോണിന്റെ അസിസ്റ്റന്റ് ആയി പ്രവർത്തിച്ച സുദേവ് ആണ് ഛായാഗ്രഹണം. സംഗീതം സനൽ വാസുദേവ്. കലാ സംവിധാനം വിഷ്ണു വി ആർ. ശബ്ദ മിശ്രണം ജസ്വിൻ മാത്യു.

Peenari | Vinod Leela | Budget Lab Productions | Malayalam Short Film 2020

Content Highlights: Peenari, Vinod Leela Budget Lab Productions Malayalam Short Film 2020

Like 31